# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5133 — 23.03.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ.എം.കെ. മുനീർ**<br>**ശ്രീ. കെ.എൻ.എ ഖാദർ**<br>**ശ്രീ. എൻ.എ നെല്ലിക്കുന്ന്**<br>**ശ്രീ. എം. ഉമ്മർ** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) ദിവസവേതന/കരാർ വ്യവസ്ഥകളിലുള്ള നിയമനങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങൾ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ദിവസവേതന/കരാർവ്യവസ്ഥയിലുള്ള നിയമനങ്ങൾ ചില സ്ഥാപനങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.എന്നിരിക്കലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽവർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന്,കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് പ്രകാരമുള്ള സ്ഥാപന പരിശോധനകൾ വഴി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>സർക്കാരിതര/സ്വകാര്യതൊഴിൽ മേഖലകളിലെ ഒഴിവുകൾക്ക് തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിന് നിയുക്തി എന്ന പേരിലുള്ള തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്.സ്വകാര്യ സ്ഥാപനങ്ങളിൽ അവരവരുടെ യോഗ്യതയ്ക്കനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും,എല്ലാത്തരം തൊഴിലന്വേഷകർക്കും ഉന്നത വിദ്യാഭ്യാസത്തിനായി ശ്രമിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന കരിയർ |

ഡെവലപ്പ്മെന്റ് സെന്ററുകളും എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകളും തൊഴിൽരഹിതർക്ക് സഹായകരമാകുന്നു.വിവിധ മൽസരപ്പരീക്ഷകൾക്ക് പരിശീലനം,കെസ്റ്റു,മൾട്ടി പർപ്പസ് ജോബ്ക്ലബ്ബ്,മുൻഗണനാ വിഭാഗത്തിൽപ്പെട്ട (വിധവ,അവിവാഹിത,വിവാഹമോചിത) സ്ത്രീകൾക്കായുള്ള ശരണ്യ,ഭിന്നശേഷിക്കാർക്കുള്ള കൈവല്യ എന്നീ സ്വയം തൊഴിൽ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 03-05-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ് പ്പോഴും എവിടെനിന്നും ലഭ്യമാണ്.

വെബ് സൈറ്റ് വഴി രജിസ് ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ് ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ് ഡേഷൻ തുടങ്ങിയ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പാക്കി കഴിഞ്ഞു. ബാക്കിയുള്ള 68 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്. 2017-18 പദ്ധതി കാലയളവിന്റെ അവസാനത്തോടെ പ്രസ്തുത പദ്ധതി എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലും നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിച്ചുവരികയാണ്. അതോടൊപ്പം അസംഘടിതരായ അന്തർ സംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ള വിദഗ്ധ/അവിദഗ്ധ തൊഴിലാളികൾക്ക് പ്രാദേശികമായി തൊഴിൽ നൽകുന്നതിനായി തൊഴിലാളിയെയും തൊഴിൽദായകനെയും പരസ്പരം ബന്ധിപ്പിക്കുന്ന GIS ടെക്നോളജി അധിഷ്ഠിതമായ ഒരു മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം

വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെയും വിദ്യാർത്ഥികളെയും ഉദ്ദേശിച്ച് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമായിരിക്കും കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി). ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദേശങ്ങളും നൽകി രാജ്യത്തിലെ വർധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. തൊഴിലന്വേഷകരെ അവരുടെ അഭിരുചിക്കനുസരിച്ചും യോഗ്യതയ്ക്കനുസരിച്ചും കഴിവുള്ളതും മികച്ചതുമായ തൊഴിൽദായകരുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് രൂപം കൊടുത്ത പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. കരിയർ കൺസൾട്ടൻസി, സ്കിൽ ഗ്യാപ് അനാലിസിസ്, നൈപുണ്യ പരിശീലനങ്ങൾ നൽകുകയും, തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ / ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കൽ വഴിയും സ്വകാര്യമേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്രദമാകുന്നുണ്ട്.

കൂടാതെ താഴെപ്പറയുന്ന സ്വയംതൊഴിൽ പദ്ധതികളും സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

1) **കെസ്റു:-**

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തതും, 21-നും 50-നും ഇടയിൽ പ്രായമുള്ള എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് കെസ് റു വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വരെ വായ്പ ലഭിക്കുന്ന ടി പദ്ധതിയിൽ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. 1999-ൽ തുടങ്ങിയ ടി പദ്ധതിയിൽ വായ്പ, തിരിച്ചടവ്, പലിശ തുടങ്ങിയ കാര്യങ്ങൾ ധനകാര്യ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും

2) **മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ്:-**

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത, 21-നും 45-നും ഇടയിൽ പ്രായമുള്ള (പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവ് ഉണ്ടായിരിക്കുന്നതാണ്) ഒന്നിൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ് വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തിരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി പത്തു ലക്ഷം രൂപ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി രണ്ടു ലക്ഷം രൂപ) സബ് സിഡി അനുവദിക്കുന്നതാണ്.

3) **ശരണ്യ:-**

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ് മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക്

50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. 50,000/- രൂപയ്ക്കു മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

**4) കൈവല്യ**

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ നാലു ഘടകങ്ങളുണ്ട്. 1) വൊക്കേഷണൽ & കരിയർ ഗൈഡൻസ് 2) കപ്പാസിറ്റി ബിൽഡിങ് 3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം 4) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി. ഇവയിൽ ഒന്നോ ഒന്നിലധികമോ ഘടകങ്ങളിലൂടെ ഭിന്നശേഷിക്കാരെ സ്വന്തമായി തൊഴിൽ നേടാൻ സഹായിക്കുകയും അതുവഴി സ്വയംപര്യാപ്തമായ ജീവിതത്തിന് പ്രാപ്തരാക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**(5) നവജീവൻ:-**

മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പു വരുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് 'നവജീവൻ'. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരന്മാർ, അവരുടെ കുടുംബത്തിനും സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ